**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6172** **31.10.2011 ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നു.<br>1)ഗ്രാമീണ വൈദ്യുതീകരണം, ഊർജ്ജ സംരക്ഷണം എന്നിവയ്ക്കായി ഗുണഭോക്താക്കളെ കണ്ടെത്തുക.<br>2)വൈദ്യുതോപയോഗ കേന്ദ്രങ്ങളുടെ വിതരണം കണ്ടെത്തി അതനനുസൃതമായി വിതരണ ശൃംഖല പുനർ വിന്യസിക്കുന്നതിനു സഹായകമായ പവർലൈൻ മാപ്പിംഗ് നടത്തുക.<br>3)പ്രാദേശിക തല ഊർജ്ജ സുരക്ഷാ പദ്ധതി തയ്യാറാക്കുക.<br>4)പവനോർജ്ജ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.<br>5)ചെറുകിട ജലവൈദ്യുതി വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.<br>6)ജൈവദ്രവ്യ പരിപാലന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.<br>7)സൗരോർജ്ജ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. |
| (ബി) | ഈ പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്; | (ബി) | ഈ പദ്ധതികൾ അനെർട്ട് വഴിയാണ് നടപ്പിലാക്കി വരുന്നത്; |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ സർവ്വേ ഭൂരിഭാഗം ടെസം പദ്ധതിയിൽ പങ്കാളികളായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തിയാക്കിയ ശേഷം റിപ്പോർട്ട് തയ്യാറാക്കി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിച്ചു. പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളും, ഊർജ്ജ സംരക്ഷണ ഉപകരണങ്ങളും ഗുണമേന്മ ഉറപ്പു വരുത്തി, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം വാങ്ങി നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തി. |

സെക്ഷൻ ഓഫീസർ